കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

ജില്ലാ ഓഡിറ്റ്, തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

കെ.എസ്.എ.റ്റി.വി.എം /ജി.പി.4/2624/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 06.02.2019

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in
dotvm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം /ജി.പി.4/2624/2018 തീയതി: 06.02.2019

## തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.06.2017 മുതൽ 21.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ .സാജൻലാൽ (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.11.2018മുതൽ 30.11.2018വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | ശ്രീമതി .സിന്ധു.പി.എസ്(ഓഡിറ്റ് ഓഫീസർ)<br>ശ്രീ.സുരേഷ്ബാബു.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.അനീഷ.എസ്.ബി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.കോസലരാമദാസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.സീന.കെ.(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.കുമാരി മായ.പി.എസ്. 01.04.2017 മുതൽ 27.04.2017 വരെ

ശ്രീമതി.ഷീബ.എസ്. 28.04.2017 മുതൽ 18.05.2017 വരെ

ശ്രീമതി.എസ്.രമ 19.05.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ. രാജ് കുമാർ, 01.04.2017 മുതൽ 03.04.2017വരെ

ശ്രീ. സന്തോഷ് കുമാർ 04.04.2017 മുതൽ 07.06.2017വരെ

ശ്രീ. ജീവൻ 08.06.2017 മുതൽ 17.06.2017 വരെ

ശ്രീ. ബിന്ദുരാജ് 17.06.2017 മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ദീപ.ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനുചന്ദ്രൻ | 01.04.2017 മുതൽ 12.07.2017 വരെ |
| | ഡോ.ഷൈൻ | 13.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുബി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ (ഗവ.എൽ.പി.എസ് പുന്നാവൂർ) | കുമാരി.സുമം | 01.04.2017 മുതൽ 07.05.2017 വരെ |
| | ശ്രീമതി.ശൈലജ | 08.05.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അരുൺകുമാർ.ജി.എസ് | 01.04.2017 മുതൽ 31.03.208 വരെ |
| വി.ഇ.ഒ(1) | ശ്രീമതി.ശ്രീരമ്യ.എസ്.നായർ | 01.04.2017 മുതൽ 01.06.2017 വരെ |
| | ശ്രീമതി.ഷാനി.എസ് | 02.06.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ(2) | ശ്രീ.സിബികുമാർ.വി.എസ് | 01.04.2017 മുതൽ 22.11.2017 വരെ |
| | ശ്രീ.സെബിൻ | 23.11.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശാന്തി വിജയ ഭാരതി | 01.04.2017 മുതൽ 26.08.2017 വരെ |
| | ശ്രീമതി.നിഷ | 27.08.2017 മുതൽ 31.03.2018 വരെ |
| എ.ഇ (എൽ,എസ്.ജി.ഡി) | ശ്രീ.ക്ലമന്റ് റ്റി.എസ് | 01.04.2017 മുതൽ 11.05.2017 വരെ |
| | ശ്രീ.ശ്രീജിത്ത് | 12.05.2017 മുതൽ 16.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ.ക്ലമന്റ് റ്റി.എസ് | 17.06.2017 മുതൽ 31.08.2017 വരെ |
| | ശ്രീ.ശ്രീജിത്ത് | 02.09.2017 മുതൽ 10.10.2017 വരെ |
| | ശ്രീ.അഭിജിത്ത് .യു.വി | 11.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.കൃഷ്ണകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീമതി. സുനിത,വി | 12.11.2017 മുതൽ 3103.2018 വരെ |
| സെക്രട്ടറി | ശ്രീ.രാജ് കുമാർ, | 01.04.2017 മുതൽ 03.04.2017വരെ |
| | ശ്രീ.സന്തോഷ് കുമാർ | 04.04.2017 മുതൽ 07.06.2017വരെ |
| | ശ്രീ.ജീവൻ | 08.06.2017 മുതൽ 17.06.2017 വരെ |
| | ശ്രീ.ബിന്ദുരാജ് | 17.06.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.സന്തോഷ് കുമാർ | 01.04.2017 മുതൽ 06.06.2017 വരെ |
| | ശ്രീമതി. പ്രിയ .കെ.എസ് | 07.06.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല- വാടക കുടിശ്ശികയായി 12128/- രൂപ നിലനിൽക്കുന്നു. | 2-1 | |
| 14 | തനത് വരുമാന സ്രോതസ്സ് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. | 2-2 | |
| 15 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 | |
| 16 | ഫിറ്റ്നെസ് ഇല്ലാതെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-4 | |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-5 | |
| 18 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 2-6 | |
| 19 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല | 2-7 | |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല കുടിശ്ശിഖ 34020/-രൂപ. | 2-8 | |

| | | | |
|---|---|---|---|
| 21 | വർക്കേഴ്സ് വെൽഫെയർ ഫണ്ട് തുകയ്ക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല | 2-9 | |
| | ഭാഗം 3 | | |
| 22 | ആട്ടുവളർത്തൽ (എസ്.സി.പി.)-പദ്ധതി നിർവഹണത്തിലെ അപാകതകൾ- 15000/-രൂപാ നിരാകരിക്കുന്നു. | 3-1 | |
| 23 | പശു വളർത്തൽ പദ്ധതി -പദ്ധതി പണത്തിന്റെ ദുർവിനിയോഗം | 3-2 | |
| 24 | എസ്.എൽ.ഐ , ജി ഐ എസ് പ്രീമിയം തുക -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 3-3 | |
| 24 | പണിതീരാത്ത ശ്മശാനം -പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-4 | |
| 25 | അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു.വമ്പിച്ച ധനചോർച്ച | 3-5 | |
| 26 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-6 | |
| 27 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു | 3-7 | |
| 28 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല 7099017/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| 29 | അംഗൻവാടി കുട്ടികളുടെ ടി.എച്ച്.ആർ.എസ് മിശ്രിതം-ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ് | 3-9 | |

| | | | |
|---|---|---|---|
| 30 | സാന്ത്വന ചികിത്സ പരിചരണ പദ്ധതി അവലോകനം | 3-10 | |
| 31 | രേഖകൾ ലഭ്യമാക്കിയിട്ടില്ല. 93500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 | |
| 32 | ബഡ്സ് സ്കൂൾ ചെലവ് തുക കുടിശ്ശിക വർദ്ധിക്കുന്നു | 3-12 | |
| 33 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല. | 3-13 | |
| | അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി. - ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപാകത | 3-14 | |
| 35 | സംയുക്തപ്രോജക്റ്റ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല | 3-15 | |
| 37 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-16 | |
| | ഭാഗം - 4 | | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |

| | | | |
|---|---|---|---|
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്നത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 20,27,85,018 | 11,66,70,84,355 | | 8,61,14,174.45 |
| ചെലവ് | 19,56,59,800 | 10,18,27,574 | | 9,38,32,226 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നു. ഭാവിയിൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

01.08.2018-ലെ കെ.എസ്.എ.റ്റി.വി.എം ജി.പി4/1527/18-ാം നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17022741.55 |
| വരവ് | 99648102.00 |
| ആകെ | 116670843.55 |
| ചെലവ് | 101827574.00 |
| നീക്കിയിരിപ്പ് | 14843269.55 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് -ജനറൽ | 0 | 21682133 | 21682133 | 21682133 | 0 |
| വി.ഫണ്ട്-എസ്.സി.പി. | 0 | 12088494 | 12088494 | 12088494 | 0 |
| വി.ഫണ്ട്-.റ്റി.എസ്.പി. | 0 | 242901 | 242901 | 242901 | 0 |
| സി.എഫ്.സി | 0 | 10444966 | 10444966 | 10444966 | 0 |
| ലോക ബാങ്ക് | 0 | 497374 | 497374 | 497374 | 0 |
| ബി-ഫണ്ട് | 0 | 1119080 | 1119080 | 1119080 | 0 |
| മെ. റോഡ് | 0 | 17996803 | 17996803 | 17996803 | 0 |
| മെ. നോൺ റോഡ് | 0 | 4258828 | 4258828 | 4258828 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 8178114 | 12972000 | 21150114 | 20074862 | 1075252 |

| | | | | | |
|---|---|---|---|---|---|
| ദുരിതാശ്വാസ നിധി | 62697 | 23035 | 85732 | 0 | 85732 |
| സാക്ഷരത | 300945 | 0 | 300945 | 0 | 300945 |
| എം.എൻ.ആർ.ജി.എസ് | 16965 | 527539 | 544504 | 522379 | 22125 |
| എസ്.ബി.റ്റി(തനതു ഫണ്ട്) | 8445149 | 15691193 | 24136342 | 9550763 | 14585579 |
| ഡി.സി.ബി (തനതു ഫണ്ട്) | 0.55 | 0 | .55 | 0 | 0.55 |
| E-payment | 0 | 12750 | 12750 | 0 | 12750 |
| സംയുക്ത പ്രേജക്ട് | 0 | 1888300 | 1888300 | 3330120 | -1441820 |
| ക്യാഷ് | 18871 | 202706 | 221577 | 18871 | 202706 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 2328275 | 8 | 1890400 | 1 | 89 |
| 2 | വെറ്ററിനറി സർജൻ | 9 | 14001365 | 8 | 11970928 | 1 | 89 |
| 3 | എം.ഒ, സി.എച്ച്.സി | 3 | 1015000 | 3 | 970132 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | എം.ഒ, ആയുർവേദം | 2 | 1250000 | 2 | 1250000 | 0 | 100 |
| 5 | വി.ഇ.ഒ | 3 | 6150000 | 3 | 5842901 | 0 | 100 |
| 6 | ഐ.സി.ഡി.എസ് | 4 | 3058710 | 3 | 2417936 | 1 | 75 |
| 7 | സെക്രട്ടറി | 22 | 13595874 | 17 | 11586151 | 5 | 77 |
| 8 | എച്ച.എം. | 8 | 5186451 | 7 | 4060923 | 1 | 88 |
| 9 | എ.ഇ | 145 | 45221706 | 114 | 28281838 | 31 | 79 |
| 10 | ഡി.എഫ്.ഒ | 2 | 400000 | 2 | 400000 | 0 | 100 |
| 11 | അസി. സെക്രട്ടറി | 8 | 4289977 | 6 | 2080706 | 2 | 75 |
| | ആകെ | 215 | 102592358 | 173 | 76846915 | 42 | 80 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 16965 | 527539 | 544504 | 522379 | 22125 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 19704873 | 19704873 | 19704873 | |
| ആകെ | 16965 | 20232412 | 20249377 | 20227252 | 22125 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 559080 | 953 |
| കർഷക തൊഴിലാളി പെൻഷൻ | 5472100 | 1468 |
| വിധവാപെൻഷൻ | 20656500 | 5166 |
| വാർദ്ധക്യകാല പെൻഷൻ | 32686000 | 9711 |
| വികലാംഗ പെൻഷൻ | 6221900 | 1986 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 560000 | 19 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1249400 | 405 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2018 രാവിലെ 11.30 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 562/- രൂപ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്തരണം

i) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. [സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009]. മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് | ജീവനക്കാർക്ക് ജോലി വിഭജിച്ച് |

| | | |
|---|---|---|
| | ജോലി വിഭജിച്ച് നൽകണം | നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഓഫീസ് മീറ്റിംഗ് മിനിട്സ് ലഭ്യമാക്കിയിട്ടില്ല. മീറ്റിംഗ് കൃത്യമായി കൂടുന്നതായി അറിയിച്ചിട്ടുണ്ട്. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>ലേല രജിസ്റ്റർ, വാടക രജിസ്റ്റർ (ഷോപ്പിംഗ് കോംപ്ലക്സ്, ഓഡിറ്റോറിയം, കമ്മ്യൂണിറ്റിഹാൾ). ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണം |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |

| | | |
|---|---|---|
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട് |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട് |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 1999 അദ്ധ്യായം 25.സി, വകുപ്പ് 272 എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശരേഖ പുറപ്പെടുവിക്കേണ്ടതാണ്. | പൗരാവകാശരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

ii) <u>സേവനാവകാശം</u>

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013 /തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായിഅറിയിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3/2018 | 3/2018 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-2011 മുതൽ 2014-15 വരെ | 24/08/2015 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1) പഞ്ചായത്ത് ലഭ്യമാക്കിയ വിവരം പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 250/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. എന്നാൽ AFS പ്രകാരം 49000/- രൂപ ബാലൻസ് കാണുന്നു. ടി അപാകത പരിഹരിക്കേണ്ടതാണ്.

2) പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം KWA ലും KSEB യിലും ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ നൽകിയ തുകകളിൽ യഥാക്രമം 983/- രൂപായും 32252/- രൂപയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു. എന്നാൽ AFS പ്രകാരം ഇവ യഥാക്രമം 858447ഉം 41864/- രൂപയുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല- വാടക കുടിശ്ശിക 12128/- രൂപ നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ഊരൂട്ടമ്പലം മാർക്കറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ ഷോപ്പിംഗ് കോംപ്ലക്സിലെ 11 കടമുറികളിൽ നിന്നുമായി ലഭിക്കേണ്ട 157068/- രൂപയുടെ വരവിൽ 144940/- രൂപയാണ് വാടക ഇനത്തിൽ ലഭിച്ചിട്ടുള്ളത്. വാടക കുടിശ്ശികയായി 12128/- രൂപ നിലനിൽക്കുന്നതായും മേൽ തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്നും കുടിശ്ശിക സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ

ലഭ്യമായിട്ടില്ല. വാടകക്കാരുമായുള്ള കരാറുകൾ പരിശോധിച്ചത് പ്രകാരം 200/- രൂപ പത്രം സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ കുടിശ്ശിക വരുത്തിയ വാടകക്കാർക്കും തൻവർഷം കടമുറി വാടകക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 15.09.2017- ലെ ഭരണസമിതി തീരുമാന പ്രകാരം I(1) നമ്പർ കടമുറി കീഴ് വാടകക്ക് നൽകിയിട്ടുള്ളതിനാൽ ഒഴിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വിഷയങ്ങളിൻമേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ അതിനുകീഴിലെ വർക്കിംഗ് ഗ്രൂപ്പുകളുടെയോ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ ധനാഗമസ്രോതസ്സുകൾ മുഖാന്തിരമുള്ള വരവിൽ കുറവുണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 2-2 തനത് വരുമാന സ്രോതസ്സ് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചത് പ്രകാരം, പ്രതിമാസം സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുന്നതിലും, നടപടികൾ സ്വീകരിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

*1.വാടക നിരക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്*

ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററിന്റെ പരിശോധനയിൽ പ്രകാരം മിക്ക കടമുറികൾ 10 വർഷത്തോളമായി ഒരേ വാടകക്കാർ തന്നെ കൈവശം വച്ചിരിക്കുന്നതായി കണ്ടു. ഓരോ വർഷവും വാടക നിരക്കിൽ 5 % വർദ്ധനവ് വരുത്തി വാടക നിരക്കിൽ മാറ്റങ്ങൾ വരുത്തുന്നുണ്ടെങ്കിലും കഴിഞ്ഞ പത്തു വർഷത്തിനിടയിൽ പൊതുലേലം നടത്തുന്നതിനോ, വാടകനിരക്കിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിനോ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 25 ന് മറുപടി ലഭ്യമാക്കിയെങ്കിലും 10 വർഷങ്ങൾക്ക് മുൻപ് കടമുറി ലേലം ചെയ്തപ്പോളുള്ള വാടകയിൽ ഓരോ വർഷവും 5% വീതം വർദ്ധിപ്പിച്ച് വാടക ഈടാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വാടക ഇനത്തിലുള്ള തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പൊതുലേലം അടക്കമുള്ള നടപടികളുടെ സാദ്ധ്യത പരിശോധിക്കാവുന്നതും ഈ ഇനത്തിലുള്ള പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാവുന്നതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

*2.ലേലം - നടപടി സ്വീകരിച്ചിട്ടില്ല.*

പഞ്ചായത്ത് ഭരണ സമിതിയുടെ 21.8.17 ലെ 2(5)എരുത്താവൂർ വാർഡ് കുരിശ്ശോട്ടുകോണം അംഗൻവാടിയിലേക്ക് മറിഞ്ഞു വീണ ആഞ്ഞിലി മരം ലേലം ചെയ്യുന്നതിനായി സേഷ്യൽ ഫോറസ്റ്റി വകുപ്പിൽ നിന്നും വാല്യൂവേഷൻ വാങ്ങുന്നതിനായി തീരുമാനിച്ചിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം സോഷ്യൽ ഫോറസ്റ്റി വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ലേലം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് കല്യാണമണ്ഡപത്തിലെ ഉപയോഗ്യശൂന്യമായ വസ്തുക്കൾ ലേലം ചെയ്യുന്നതിനായി ടുഭരണസമിതിയുടെ 25.10.17ലെ 6 -നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെങ്കിലും

തുടർനടപടി സ്വീകരിച്ചിട്ടില്ല.

*3.പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല .*

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ 1688 കെട്ടിടങ്ങൾ/ കടമുറികൾ വാണിജ്യാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതായി കാണുന്നു, എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 310 കടകളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റിൽ വിവിധ വാർഡുകളിലെ 199 വാണിജ്യസ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31 നുള്ള മറുപടിയായി എല്ലാ കെട്ടിടത്തിലും വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിൽ ഒരു സ്ഥാപനം തന്നെ പ്രവർത്തിക്കുന്നതായും അറിയിച്ചിട്ടുണ്ട്. അത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ല.

എന്നാൽ പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

തനത് വരുമാന സ്രോതസുകൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതുവഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. മേൽ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന് കീഴിലുള്ള ധനകാര്യവും പൊതുഭരണവും വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടലുകൾ അനിവാര്യമാണ്. പഞ്ചായത്തിന് ലഭിക്കേണ്ട വരവ് ശരിയായ രീതിയിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ധനകാര്യവും പൊതുഭരണവും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യേണ്ടതാണ്.

## 2-3 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനു വാർഡ് സ്റ്റാഫ് മുഖേന വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആരും രജിസ്ട്രേഷൻ എടുത്തിട്ടില്ല. ടി സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിനു നോട്ടീസ് നൽകുന്നതാണെന്നും 2018 ഡിസംബർ മുതൽ ഊർജ്ജിത നികുതി പിരിവ് യജ്ഞത്തിന്റെ ഭാഗമായി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനു കുടുംബശ്രീ/സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ക്യാമ്പുകൾ /നോട്ടീസ് നൽകൽ എന്നിവ നടത്തുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 26.11.2018 നു ടിവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (17/18) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്നു മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല. മാത്രമല്ല നിലവിൽ 9 പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റോറിയങ്ങളുടെ കാര്യത്തിൽ വിശ്വംഭര ഓഡിറ്റോറിയം, തുങ്ങാംപാറ എന്ന സ്ഥാപനത്തിനു മാത്രം നികുതി കുടിശ്ശിക ഉണ്ടെന്നും ടി സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനു ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും തുക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ഫിറ്റ്നെസ് ഇല്ലാതെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പൊതു വിദ്യഭ്യാസ വകുപ്പിന്റെ ഉത്തരവ് നം ജി.ഒ.ആർ.ടി 2427/2007/ പൊതുവിദ്യാഭ്യാസം തീയതി 1.8.2007 പ്രകാരം തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന അൺഎയിഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ നിരക്കിൽ ഈടാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിച്ച് വരുന്നു.

1ഫാദർ ഫിലിപ്സ് ഹയർ സെക്കൻഡറി സ്കൂൾ

2.മന്നം മെമ്മോറിയൽ എൻ.എസ്.എസ്.സ്കൂൾ

3.ക്രൈസ്റ്റ് നഗർ സ്കൂൾ

4.ക്രൈസ്റ്റ് നഗർ കോളേജ്

5.മദർ തെരേസ കോളേജ് ഓഫ് ആർട്സ് &സയൻസ്

ഈ ഇനത്തിലെ വരവ് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയോ ഇടപെടലുകൾ ഉണ്ടായതായി കാണുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തുന്നതിന് ധനകാര്യ, ആരോഗ്യം- വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-5 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഡെപ്പോസിറ്റുകൾ തിരികെ നൽകിയതിന്റെ വിവരങ്ങൾ, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

പഞ്ചായത്ത് ഉടമസ്ഥതയിൽ ഒരു കല്യാണമണ്ഡപവും മൂന്ന് കമ്മ്യൂണിറ്റി ഹാളുകളും ഉണ്ട്. ഇവയുടെ വാടക ഈടാക്കുന്നതിനോടൊപ്പം ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കി വരുന്നു. 2017-18 ൽ ഓഡിറ്റോറിയം, കമ്മ്യൂണിറ്റി ഹാൾ, വാടക എന്നിവയുടെ ഇനത്തിൽ ഡെപ്പോസിറ്റായി പഞ്ചായത്തിന് 1,97,200/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും മേൽ വരവ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകളുടെയും അപേക്ഷകളുടെയും പരിപാലനം തൃപ്തികരമല്ല. ആയതിനാൽ ഈ ഇനത്തിൽ ലഭിച്ച മുൻകൂറുകളുടെ ലഭ്യത, തിരികെ നൽകൽ എന്നിവയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. ഡെപ്പോസ്റ്റുകൾ സാംഖ്യ ലെഡ്ജർ അനുസരിച്ച് തിരികെ നൽകുന്നതായി ഓഡിറ്റ് എൻക്വയറി 25 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിൽ മുതൽക്കുട്ടേണ്ടതുമാണ്

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല.രജിസ്റ്ററിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വിവരം രേഖപ്പെടുത്താത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നം/തീയതി | പേര്, മേൽവിലാസം |
|---|---|---|
| 1 | B2/3314 29.4.17 | ജി.ചന്ദ്രൻ, ചിലവക്കോട്,കിഴക്കംകര, റോഡരികത്ത് വീട്, കുവളശ്ശേരി.പി.ഒ |
| 2 | B2/3592 9.5.17 | എസ്. അജി, ഇന്ദുലേഖ,എസ്.ഡിഭവൻ തെക്കംകരവീട്, വണ്ടന്നൂർ, പെരുമ്പഴുതൂർ പി.ഒ |
| 3 | B2/3946 19.5.17 | ശ്രീകല.കെ,കാർത്തിക |
| 4 | B2/3949 19.5.17 | സനൽകുമാർ, പഞ്ചസദനം |
| 5 | B2/45 91 14.6.17 | ബിജു/ബീനാറാണി, വിശാലം കരികുളങ്ങര, കണ്ടല.പി.ഒ |
| 6 | B2/5026/17 | രതീഷ്.ആർ.ബി<br>ആർ.ബിലഭവൻ<br>ഉറിയാംകോട്, കണ്ടല.പി.ഒ |
| 7 | B2/5909 8.8.17 | ബിനു/എം.ജി .ലക്ഷ്മി, പത്മവിലാസം, കരിങ്ങൽ, കണ്ടല.പി.ഒ |

മേൽ അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനകം പെർമിറ്റ് അനുവദിക്കാത്തതിനുള്ള കാരണം അന്വേഷിച്ച് നൽകിയ 23.11.2018 ലെ ഓഡിറ്റ് എൻക്വയറി 12/18 ക്ക് മേൽ അപേക്ഷകരിൽ ക്രമ നം 1,2,5,6,7 എന്നീ അപേക്ഷകർക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും സെക്രട്ടറി പ്ലാനിലും മറ്റ് അനുബന്ധരേഖകളിലും ഒപ്പിട്ടിട്ടുണ്ടെന്നും എന്നാൽ രജിസ്റ്ററിൽ ഒപ്പിട്ടിട്ടില്ലായെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 3,4 എന്നിവ ചുറ്റുമതിൽ നിർമാണ അപേക്ഷകളാണെന്നും , ഇവ എൽ.എസ്.ജി ഡി വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തു, സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ പരിശോധിച്ചിട്ടുള്ളതുമാണെന്നും അപേക്ഷകർ ഫീസ് അടക്കാൻ ഹാജരാകാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് രേഖാമൂലം അപേക്ഷകരെ അറിയിച്ചിട്ടുണ്ടെന്നും മറുപടി തന്നിട്ടുണ്ട്. അപേക്ഷകരിൽ നിന്നും നിയമാനുസൃതമായ ഫീസ് ഈടാക്കി പെർമിറ്റ് നൽകേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയപദ്ധതികളിൽ നിന്നും ഫാറവിലയിനത്തിൽ 56500/-രൂപാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം 7/2018 ന് ലഭ്യമായ വിവരം) അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല കുടിശ്ശിക 34020/-രൂപ.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2017-18 സാമ്പത്തിക വർഷം ആകെ 13 ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.അതിൽ 5 എണ്ണത്തിന്റെ വസ്തുനികുതി അടവാക്കിയിട്ടില്ല.അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക തുക |
|---|---|---|---|
| 1 | III/ 47-A | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 7560/- |
| 2 | XVIII/221-B | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 5040/- |
| 3 | V /455-A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 7560/- |
| 4 | VIII/708-B | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 3780/- |
| 5 | XVI/340-A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 10080/- |
| ആകെ | | | 34020/- |

കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവുവന്നിട്ടുണ്ട്.ഇതു ധനകാര്യസ്റ്റാൻറിഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്ത് നിന്നുണ്ടായ വീഴ്ചമൂലമാണ് സംഭവിച്ചെതെന്ന ഓഡിറ്റ് വിലയിരുത്തുന്നു.ശരിയായ മോണിറ്ററിംഗ് നടത്താത് ധനകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെയും അനാസ്ഥയാണ്.മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതും നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 വർക്കേഴ്സ് വെൽഫെയർ ഫണ്ട് തുകയ്ക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ

ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 278049/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 2780/- രൂപയുടെ നഷ്ടംമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആട്ടുവളർത്തൽ (എസ്.സി.പി.)-പദ്ധതി നിർവഹണത്തിലെ അപാകതകൾ- 15000/-രൂപാ നിരാകരിക്കുന്നു

പദ്ധതി നം. : 13/2018

അടങ്കൽ : 16,08,000/- (SCP 1005000+Others 603000)

ചെലവ് : 1,68,000/ (SCP 105000+Others 63000)

നിർവഹണം : വെറ്റിനറി സർജൻ

ആട്ടുവളർത്തൽ (എസ്.സി.പി.)-പദ്ധതി ഒരു സ്പിൽ ഓവർ പദ്ധതിയായിട്ടാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്.ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.പദ്ധതി ചെലവ് വെറും16% മാത്രം

ടി പദ്ധതിക്കായി 540000/-രൂപാ വകയിരുത്തിയിരുന്നെങ്കിലും 90000/- രൂപാ മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ 204 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നെങ്കിലും വെറും 6പേർക്ക് മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്. സ്പിൽ ഓവർ പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടും 16% തുക മാത്രമെ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ എന്നുള്ളത് പദ്ധതി രൂപീകരണത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലാ എന്നതിന്റെ തെളിവാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ ഉണ്ടാകേണ്ടതാണ്.

2.ഗുണഭോക്താവിന്റെ മകളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നല്കി

ശ്രീമതി.ഉഷ,പുതുശ്ശേരി മേലേ പുത്തൻ വീട്,പീരിയാക്കോട്,ഊരുട്ടമ്പലം എന്ന ഗുണഭോക്താവിന് വേണ്ടി 15000/-രൂപാ സബ്സിഡി ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട് (ബിൽ നം. 3/2017-18 തീയതി 28/09/17). എന്നാൽ ഗുണഭോക്താവിന് ആട്ടുകൾ നൽകിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ടിയാളുടെ മകളായ യദുകൃഷ്ണ.യു.എം എന്ന വിദ്യാർത്ഥിനിയാണ്. ഇരുവരും ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരാണ് (റേഷൻ കാർഡ് നം 1170022549), യദുകൃഷ്ണയുടെ മൈനർ അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിരിക്കുന്നത് (അക്കൗണ്ട് നം SBIN0070356). ഒരേ വീട്ടിലെ അംഗങ്ങൾ തമ്മിൽ

ക്രയവിക്രയം നടത്തിയതായി കാണിച്ച് പദ്ധതി പണം ചെലവ് ചെയ്തിരിക്കുന്നത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത്തരത്തിലുള്ള പദ്ധതി തുകയുടെ പാഴ് ചെലവ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗിന്റെയും,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യ നിർവഹണത്തിന്റെയും പരാജയമാണ്.സബ്സിഡി ഇനത്തിൽ നൽകിയ 15000/-രൂപാ തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 <u>പശു വളർത്തൽ പദ്ധതി -പദ്ധതി പണത്തിന്റെ ദുർവിനിയോഗം</u>

പ്രോജക്ട് നം. : 172/2018,പശു വളർത്തൽ പദ്ധതി

ഫണ്ടിനം : വികസന ഫണ്ട്

അടങ്കൽ : 7350000 (വികസന ഫണ്ട് = 3675000, ഗുണഭോക്തൃവിഹിതം= 3675000)

ചെലവ് : 7350000

ബിൽ നം./തീയതി: 4/17-18 / 16.11.17 തുക 2600000

8/17-18/29.01.18 തുക 675000

11/17-18/15.03.18 തുക 225000

15/17-18/27.03.18 തുക 175000

3675000/-രൂപ

പശു വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട നാമമാത്രകർഷകർക്ക് പശു വാങ്ങുന്നതിനു സബ്സിഡിയായി 25000/- രൂപ നൽകുന്നതാണ് പദ്ധതി. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും വെറ്ററിനറി സർജൻ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുത്ത 5 പേർ അംഗങ്ങളായിട്ടുമുള്ള പർച്ചേസ് കമ്മിറ്റിയാണ് പശുക്കളെ വാങ്ങി നൽകിയത്. 15.09.2017 ലെ 7/10 -ാം നമ്പർ തീരുമാന പ്രകാരം പർച്ചേസ് കമ്മിറ്റി രൂപികരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*<u>1.ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തികൾ തമ്മിൽ പശുക്കളെ കൈമാറി തുക കൈപ്പറ്റിയിരിക്കുന്നു.</u>*

| ക്രമ നം. | വാങ്ങിയ വ്യക്തി (ഗുണഭോക്താവ്) | റേഷൻ കാർഡ് നം. | നൽകിയ വ്യക്തി |
|---|---|---|---|
| 1 | സരോജം | 1170023166 | സ്വപ്ന.എസ് |
| 2 | പ്രസന്നകുമാരി | 1170022490 | ശ്രീജിത്ത്.പി.എം |
| 3 | ലില്ലിഭായി.ബി | 1170062431 | ബിനുകുമാർ.എസ് |

| | | | |
|---|---|---|---|
| 4 | തിലോത്തമ .സി | 1170067569 | ഹൃദയേഷ്.എം.റ്റി |
| 5 | ലില്ലി.എസ് | 1170043242 | സനൽകുമാർ.എൻ.എസ് |
| 6 | ജസ് ലറ്റ്.ആർ | 1170022578 | ഷിബുകുമാർ.കെ |
| 7 | ലത | 1170066830 | ശരണ്യ.പി |

ഗുണഭോക്താക്കളുടെ മക്കളിൽ നിന്നു തന്നെ പശുക്കളെ വാങ്ങി തുക അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിരിക്കുന്നത്.ഇതു വഴി പദ്ധതി പണം അനധികൃതമായി കൈപ്പറ്റിയിരിക്കുന്നു.

2. *ഒരു വ്യക്തി തന്നെ ഒരേ സമയം പശുവിനെ വാങ്ങുകയും വിൽക്കുകയും ചെയ്തിരിക്കുന്നു*

ഗ്രിൻസി.എ, ജീസ്സ്ഭവൻ, നീരോട്ടുക്കോണം, പിരിയാക്കോട്,ഊരൂട്ടമ്പലം എന്ന വ്യക്തി സാൻജോസ്, ചെന്നിയോട്, കാവിൻപുറം കുവളശ്ശേരി എന്നയാൾക്ക് പശുവിനെ നൽകി 25000/- രൂപ കൈപ്പറ്റിയിരിക്കുന്നു. ഇതേ വ്യക്തിതന്നെ അൽഫോൺസ്.എൽ, ചെന്നിയോട്, കാവിൻപുറം ,കുവളശ്ശേരി എന്നയാളിൽ നിന്നും പശുവിനെ വാങ്ങിയിരിക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റിൽ മതിയായ ആളുകളുണ്ടായിരിക്കെ ഒരേ വ്യക്തി തന്നെ പശുക്കളെ വാങ്ങുകയും വിൽക്കുകയും ചെയ്തിരുക്കുന്നത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമാണ്.സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും പർച്ചേസ് കമ്മിറ്റയുടെയും അനാസ്ഥ ഈ വിഷയത്തിലുണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 13 ന മറുപടി ഹാജരാക്കിയെങ്കിലും ആയതു ഈ വിഷയത്തെ സാധൂകരിക്കത്തകതല്ല. 03.04.2017-ലെ സ.ഉ(എം.എസ്) നമ്പർ 80/2017 തസ്വഭവ പൊതു നിബന്ധനകൾ 2.3 പ്രകാരം സംബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കേണ്ടതാണ്.

## 3-3 എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം തുക - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി.ഒ.പി149/16/ഫിൻ തീയതി 4.10.2016 പ്രകാരം എസ്.എൽ.ഐ , ജി ഐ എസ് തുകയുടെ കുറഞ്ഞ പ്രീമിയം തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ജീവനക്കാരുടെ മാർച്ച് മാസത്തെ സാലറി വൌച്ചർ (വൌച്ചർ നമ്പർ 2701218 തീയതി 1.3.18 ) പ്രകാരം പഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. അടിസ്ഥാനശമ്പളം 35700 മുതൽ 55349 വരെയുള്ള ജീവനക്കാരിൽ ഈടാക്കേണ്ട കുറഞ്ഞ പ്രീമിയം 500/- രൂപയാണ്. എന്നാൽ ഈ ശമ്പളപരിധിയിലുള്ള ജീവനക്കാരിൽ നിന്നും 500 രൂപയിൽ താഴെയുള്ള പ്രീമിയം നിരക്കാണ് ഈടാക്കിയിട്ടുള്ളത്. കൂടാതെ ജി.ഐ.എസ് പ്രീമിയത്തിന്റെ കുറഞ്ഞ നിരക്ക് 300 രൂപയായിരിക്കെ 19000- 43600 ശമ്പളനിരക്കുള്ള ജീവനക്കാരനിൽ നിന്നും

200 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 24 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട എസ്.എൽ.ഐ, ജി,ഐ.എസ് പ്രീമിയം തുക ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 ശ്മശാനം -പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2015 ൽ പണി തുടങ്ങിയ വൈദ്യുത ശ്മശാനം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 2016-17 വർഷത്തിൽ പെയിന്റിംഗ്, ഗ്രിൽ ഇടൽ മുതലായ പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്. ചിമ്മിനിയുടെ ഫൗണ്ടേഷൻ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനുള്ള കുഴി, കെട്ടിടത്തിനകത്തുള്ള വാട്ടർ ടാങ്ക് എന്നിവ കൂടി പൂർത്തിയാക്കിയാൽ മാത്രമേ പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ കഴിയൂ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 21.4.17 ലെ ജനറൽ കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പാനൽ ബോർഡ് നിർമ്മാണവും അനുബന്ധ ഇലക്ട്രിക്കൽ ജോലികളും പൂർത്തീകരിക്കുന്നതിനായി 2018-19 വർഷത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മൂന്ന് വർഷം തുടർച്ചയായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടും നാളിതുവരെ പദ്ധതികൾ പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തനസജ്ജമാക്കുവാൻ കഴിയാത്തത് ഭരണസമിതിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ജനോപകാരപ്രദമായ പ്രസ്തുത പദ്ധതിയുടെ പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു.വമ്പിച്ച ധനചോർച്ച

ധനകാര്യ വകുപ്പിന്റെ (ഇൻസ്പെക്ഷൻ വിഭാഗം-സാങ്കേതികം)20/07/2016 ലെ സർക്കുലർ നം 16/2016 അനുസരിച്ച് റോഡുകളുടെ സബ് ബേസ്/ബേസ് കോഴ്സ് എന്നിവ ചെയ്യാൻ Wet Mix Mecadam ഉപയോഗിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പുതുതായി ഒരു റോഡ് മെറ്റൽ ചെയ്യേണ്ട സാഹചര്യത്തിലാണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ MoRD Specification അനുസരിച്ച് Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ fresh tarring പ്രവൃത്തികളിൽ മാത്രമാണ് ഉപയോഗിക്കേണ്ടത്.റീ ടാറിംഗ് പ്രവൃത്തികളിൽ ഈ ഇനങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. റീ ടാറിംഗ് പ്രവൃത്തികളിൽ pot hole filling/penetration mecadam (ടാർ ഉപയോഗിച്ച്) നടത്തിയാണ് പ്രവൃത്തി നിർവഹിക്കേണ്ടത്.എന്നാൽ മാറനല്ലൂർ ഗ്രാമ പഞ്ചായത്തിൻ റീ ടാറിംഗ് പ്രവൃത്തികളിൽ അനുവദനീയമല്ലാത്ത ഇനങ്ങളായ Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ.നം. | പദ്ധതിയുടെ വിവരം | Wet Mix Mecadam @75 mm thickness. അനുവദിച്ച തുക | Prime coat-SS-1 അനുവദിച്ച തുക | ആകെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | പദ്ധതി-സരസ്വതി | $28.125m^3$@$2913.86/m^3$= | $375m^2$@$28.86/m^2$= | 92775/- |

| | | | | |
|---|---|---|---|---|
| | വിദ്യാലയം റോഡ് റീ ടാറിംഗ്-<br><br>അടങ്കൽ-369770/-<br><br>കൺവീനർ-ജിതേഷ്<br><br>എം ബുക്ക് നം-965/2016-17<br><br>ചെലവ്-340790/-<br><br>ബിൽ നം-13/17-18 തീയതി.19/08/17 | 81952.31/-<br><br>എം ബുക്ക് പേജ് നം. 15 | 10822.50/-<br><br>എം ബുക്ക് പേജ് നം. 16 | |
| 2 | പദ്ധതി-വെള്ളൂർക്കോണം-വാണിയംകോട് റോഡ് റീടാറിംഗ്<br><br>അടങ്കൽ-366930/-<br><br>കൺവീനർ-ശശിധരൻ<br><br>എം ബുക്ക് നം-967/16-17<br><br>ചെലവ്-348402/-<br><br>ബിൽ നം-14/17-18തീയതി 19/08/17 | 45m$^3$ @2913.86/m$^3$<br><br>=131123.70/-<br><br>എം ബുക്ക് പേജ് നം. 18 | 600m$^2$@28.86m$^2$= 17316/-<br><br>എം ബുക്ക് പേജ് നം. 19 | 148440/- |
| 3 | പദ്ധതി-കോണത്തുവിളാകം റോഡ് റീ ടാറിംഗ് | 33.696m$^3$@2913.86/m$^3$<br><br>=98185.42/- | 480m$^2$@28.86/m$^2$= 13852.80/- | 112038/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ-300533/-കൺവീനർ-രവികുമാർ<br>എം ബുക്ക് നം.-964/16-17<br>ചെലവ്-277589/-<br>ബിൽ നം.-11/17-18 തീയതി 19.08.2017 | എം ബുക്ക് പേജ് നം. 17 | എം ബുക്ക് പേജ് നം. 17 | |
| 4 | പദ്ധതി-കിളിക്കോട്ടുകോണം റോഡ് റീ ടാറിംഗ്<br>അടങ്കൽ-351568/-<br>കൺവീനർ-ശ്രീകാന്ത്<br>എം ബുക്ക് നം-399/17-18<br>ചെലവ്-325160/-<br>ബിൽ നം-4/17-18 തീയതി 28.07.2017 | $41.39m^3$@$2913.86/m^3$= 120604.66/-<br>എം ബുക്ക് പേജ് നം. 17 | $570.m^2$@$28.86/m^2$=16450.20<br>എം ബുക്ക് പേജ് നം. 18 | 1037055/- |
| 5 | പദ്ധതി-വെളിയംക്കോണം-പാറക്കോണം റോഡ് റീ ടാറിംഗ്<br>അടങ്കൽ-333070/-<br>കൺവീനർ-ശ്യാംലാൽ | $38.25m^3$@$2913.86/m^3$ =111455.15/-<br>എം ബുക്ക് പേജ് നം. 20 | $510m^2$@$28.86/m^2$ =14718.60/-<br>എം ബുക്ക് പേജ് നം. 21 | 126174/- |

| | | | | |
|---|---|---|---|---|
| | എം ബുക്ക് നം-969/17-18<br>ചെലവ്-308176/-<br>ബിൽ നം.-15/17-18 തീയതി 19.08.2017 | | | |
| | ആകെ 1516482/- | | | |

മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലും pot hole filling നടത്തി ടാർ ചെയ്യുവാനാണ് വ്യക്തമാക്കിയിരിക്കുന്നത്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-23/18 ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാൻ കഴിയില്ല. 1516482/-രൂപായുടെ അധിക ചെലവ് ഉണ്ടായതിന് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച ചില മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

1. റോഡ് മെറ്റലിംഗ്

ധനകാര്യ വകുപ്പിന്റെ (സാങ്കേതിക വിഭാഗം) 20.07.2016-ലെ 16/2016-ാം നമ്പർ സർക്കുലർ അനുസരിച്ച് റോഡുകളുടെ sub base/base course എന്നിവ നിർമ്മിക്കുന്നതിന് WBM (water bound mecadam) ന് പകരം കൂടുതൽ കാലം ഈട് നൽകുന്ന WMM (wet mix mecadam) ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന റോഡ് പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

a. പുത്തൻകുളം, മാമട്ടം എസ്.സി റോഡ് ഫസ്റ്റ് മെറ്റലിംഗ്
b. അയ്യാത്തലക്കോണം പ്ലാവറത്തല റോഡ് ഫസ്റ്റ് മെറ്റലിംഗ്
c. പ്ലാവിള ഇടത്തറ ക്ഷേത്രം റോഡ് ഫസ്റ്റ് മെറ്റലിംഗ്
d. അച്ചുത്തുകോണം – പുലർവിള റോഡ് ഫസ്റ്റ് മെറ്റലിംഗ്

2. സൈഡ് വാൾ നിർമ്മാണം

വിവിധ വകുപ്പുകൾ സൈഡ് വാൾ നിർമ്മാണത്തിന് വ്യത്യസ്ഥ ഡിസൈനുകളും രീതികളും പിന്തുടരുന്നതിനാൽ ആയതിന്റെ ഘടന ഏകോപ്പിക്കുന്നതിനായി ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് 18/11/2016-ൽ 87/2016-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇതനുസരിച്ച് DR Masonary, RR Mansonary എന്നിവ ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിക്കുവാനും അത്യാവശ്യ ഘട്ടങ്ങളിൽ PCC belt concrete സംവ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച മുണ്ടൻ ചിറ കൈപ്പാലിയൂർ തടത്തിൽ സൈഡ് വാൾ നിർമ്മാണം എന്ന പ്രവൃത്തിയിൽ ഓടകളുടെ സൈഡ് വാൾ നിർമ്മാണത്തിന് ഉപയോഗിക്കുന്ന 1:2.5:5 എന്ന ഇനം ഉയർന്ന സ്പസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനം ഉപയോഗിക്കേണ്ടതതിന്റെ അനിവാര്യതയെ കുറിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമായി പരാമർശിച്ചിട്ടുമില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും അധിക ചെലവ് ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ - പദ്ധതികളിൽ -പദ്ധതികളും റോഡ് പ്രവൃത്തികളാണ്.എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്,കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി നം.20/2018) വിശദീകരണം ആവശ്യപ്പെട്ടപ്പോൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല 7099017/- രൂപ തടസ്സപ്പെടുത്തുന്നു.

വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ചുവടെ പറയും പ്രകാരം വിവിധ ഏജൻസികളിലേക്ക് തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ബിൽ നമ്പർ/ തീയതി | തുക | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | പദ്ധതി ലൈൻ ദീർഘിപ്പിക്കൽ | 22/16.1.2018<br>23/16.1.18 | 65,00,000/-<br>3,00,000/- | കേരള വാട്ടർ അതോറിറ്റി, നെയ്യാറ്റിൻകര ഡിവിഷൻ(K.W.A നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 23,35,000/- രൂപ മാത്രം ഒടുക്കിയിട്ടുള്ളതായും അതിൽ 18,46,162/- രൂപ വിനിയോഗിച്ചതായും പറയുന്നു. ഇതിൽ വ്യക്തത വരുത്തുന്നതിലേക്കായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ലാത്തതായി അറിയിച്ചിട്ടുണ്ട്) |

| | | | | |
|---|---|---|---|---|
| 2 | ജലശ്രീ പദ്ധതി | 15/11.10.2017 | 1,00,000/- | ജില്ലാ പഞ്ചായത്ത് |
| 3 | വൈദ്യുതി ലൈൻ നീട്ടൽ<br>1.മുണ്ടൻചിറ -വെള്ളൂർകോണം റോഡ് | 2371125/27.12.17 | 20,442/- | കെ.എസ്.ഇ.ബി |
| | 2.അരുമല്ലൂർ ആശ്രാമം-മുണ്ടൻചിറ പാലം | | 1,50,225/- | |
| | 3.അഴകം വാർഡിൽ | ചെക്ക് നമ്പർ 057676/6.3.18 | 28,350/- | |
| | | ആകെ | 70,99,017/- | |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായുള്ള സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ 70,99,017/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 അംഗൻവാടി കുട്ടികളുടെ ടി.എച്ച്.ആർ.എസ് മിശ്രിതം- ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്

അംഗൻവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ടി.എച്ച്.ആർ.എസ് മിശ്രിതം ന്യൂട്രിമിക്സ് ഗുണനിലവാരമില്ലെങ്കിൽ ആയത് വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനത്തിന് നൽകേണ്ടതില്ലെന്നും സാമൂഹ്യ ക്ഷേമവകുപ്പ് ഡയറക്ടറുടെ 18/12/2010 ലെ ഐ.സി.ഡി.എസ് /ബി3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.അംഗൻവാടി കുട്ടികളുടെടി.എച്ച്.ആർ.എസ് മിശ്രിത(ന്യൂട്രിമിക്സ് ) ത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-10 സാന്ത്വന ചികിത്സ പരിചരണ പദ്ധതി അവലോകനം

മെഡിക്കൽ ഓഫീസർ പി.എച്ച്.സി/സി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 6,00,000/- രൂപ അടങ്കൽ വകയിരുത്തി (പ്രോജക്റ്റ് നം. 212/18) 5,63,874/-രൂപ ചെലവു ചെയ്ത സാന്ത്വന ചിക്തസ പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. 2017 മാർച്ച് മുതൽ 2018 മാർച്ച് വരെ രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് രോഗികളുടെ എണ്ണം 140 ഉം നാളിതുവരെ പാലിയോറ്റീവ് കെയറിനു വേണ്ടി രജിസ്റ്റർ ചെയ്ത ആകെ രോഗികളുടെ എണ്ണം 546 ഉം ആണ് . 2017-18 പ്രോജക്റ്റ് പ്രകാരം രോഗികൾക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വീൽ ചെയർ വാക്കർ ,വാട്ടർ ബെഡ് എന്നിവ നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 പ്രകാരം ഹോം കെയറിനു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകയ്ക്ക് എടുക്കാവുന്നതാണ്.നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടതാണ്. ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതുമാണ്.ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കണം.കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സിയുടെ അംഗീകാരം നേടിയിരിക്കേണ്ടതാണ്.(ജി.ഒ (ആർ.ടി)3217/2015 തസ്വഭവ തീയതി 29.10.2015)

2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് ഹോം കെയർ പരിചരണത്തിനായി 143 ട്രിപ്പ് വാടക വാഹനം ഓടിയിട്ടുണ്ട്.ആയതിനു ഒരു ട്രിപ്പിനു 100/- രൂപ നിരക്കിൽ (1000 x143 =143000/-രൂപ ) വാഹന വാടക നൽകിയിരിക്കുന്നു. വാഹന കരാറിൽ ഏർപ്പെട്ടിരിക്കുന്ന വാഹനം ഓടുന്ന ദൂരത്തിന്റേയും പരാമവധി വാടക തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓടുന്ന ദൂരം-15-24 കി.മി | 25-34 കി.മി | 35-44 കി-മി | 45-54 കിമി |
|---|---|---|---|
| പരമാവധി തുക-800/- | 900/- | 1,000/- | 1,100/- |

എല്ലാ ട്രിപ്പിനും ഒരേ തുകയാണ് നൽകിയിരിക്കുന്നത്. ദൂരത്തിന് ആനുപാതികമായുള്ള തുകയാണ് നൽകേണ്ടിയിരുന്നത്. ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു

## 3-11 രേഖകൾ ലഭ്യമാക്കിയിട്ടില്ല. 93500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 201/2018

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ തുടർ സാക്ഷരത പ്രോജക്ട് പ്രകാരം 10-ാം ക്ലാസിലെ 20 പഠിതാക്കൾക്ക് 35000/- രൂപയും 11-ാം ക്ലാസിലെ 30 പഠിതാക്കൾക്ക് 58500/- രൂപയും ബിൽ നമ്പർ 10/17-18 മുഖേനെ പിൻവലിച്ച് സാക്ഷരതാമിഷനിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികൾ പരീക്ഷക്ക് ഹാജരായിട്ടുണ്ടോ എന്നും എത്ര പേർ ജയിച്ചിട്ടുണ്ടെന്നും പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആർക്കും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയിട്ടുള്ളത്. ആരോഗ്യം- വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ പദ്ധതി മോണിറ്റർ ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഉതകുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 93500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 ബഡ്സ് സ്കൂൾ ചെലവ് തുക കുടിശ്ശിക വർദ്ധിക്കുന്നു

ഭിന്നശേഷിയുള്ള കുട്ടികളുടെ പരിപാലനത്തിനായി 25.05.1998 കാലയളവിൽ ചീനിവിള ഗ്രാമോദ്ധാരണ ഗ്രന്ഥശാലയിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.ഒരു ടീച്ചറും ആയയും മാത്രമായിരുന്നു. വിദ്യാർത്ഥികളുടെ എണ്ണം കൂടിയ മുറയ്ക്ക് സ്ഥലപരിമിധി കാരണം ചീനിവിള വാർഡിൽ വാടക കെട്ടിടത്തിലേക്ക് ബഡ്സ് സ്കൂളിനെ മാറ്റുകയും 2010-11 ൽ 8 ലക്ഷം രൂപയുടെ പ്രോജക്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുകയും കെട്ടിട പണി പൂർത്തീകരിക്കുകയും ചെയ്തു. 2011-12 ബഡ്സ് സ്കൂളിന്റെ ഇന്നത്തെ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.തുടർന്നു ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ 12 1/2 ലക്ഷം രൂപ ചെലവഴിച്ച് ചുറ്റുമതിൽ ഉൾപ്പെടെ നിർവ്വഹിച്ചു.

20.01.2018 ൽ സ്കൂളിനു ബഡ്സ് സ്പെഷ്യൽ സ്കൂളിന്റെ രജിസ്ട്രേഷൻ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുകയുണ്ടായി. നിലവിൽ 40 വിദ്യാർഥികൾ ബഡ്സ് സ്കൂളിൽ ഉണ്ട്. ഇവരെ പരിചരിക്കാനും പരിശീലനങ്ങൾ നൽകാനും മതിയായ ജീവനക്കാർ ഇല്ല. വാഹനം കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഓടുന്നു. സ്വന്തമായി വാഹനം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. സ്കൂളിന്റെ പ്രവർത്തനത്തിനു ആവശ്യമായ ചെലവ് തുക അനുവദിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അപാകങ്ങൾ വരുത്തുന്നതായി ബഡ്സ് സ്കൂൾ ടീച്ചർ അറിയിച്ചിട്ടുണ്ട്. മാത്രമല്ല ടീച്ചറുടെ ഓണറേറിയം ലഭിക്കുന്നില്ലയെന്നു സ്ഥലപരിശോധന സമയത്ത് ടീച്ചറെ നേരിൽ കേൾക്കുകയുണ്ടായി. 2018 ഫെബ്രുവരി, മാർച്ച്, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിലെ ഓണറേറിയവും കുടിശ്ശികയും വാഹന വാടക, പോഷകാഹാരം, ഉച്ചയൂണ്, പഠനയാത്ര, യൂണിഫോം, എന്നിവ കുടിശ്ശികയായും നിലനിൽക്കുന്നു. ടി കുടിശ്ശിക അടിയന്തിരമായി നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ബഡ്സ്കൂൾ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് .ടി വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

ബഡ്സ് സ്കൂൾ നിർവ്വഹണത്തിനുള്ള ശിപാർശകൾ പരിഗണിക്കുന്നതിനും സ്കൂളിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമക്കുന്നതിനും മെഡിക്കൽ ഓഫീസർമാർ,സ്കൂളിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും മെഡിക്കൽ ഓഫീസർമാർ ,സ്കൂൾ ഹെഡ് മാസ്റ്റർ , ഐ.സി.ഡി.എസ് സൂപ്പർവൈസർ ,പഞ്ചായത്ത് സെക്രട്ടറി ,ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം എന്നിവരുടെ ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് ശരാരിക മാനസിക വെല്ലുവിളി നേരിടുന്ന വരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുണ്ടതാണ്.

## 3-13 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല.

പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയോടൊപ്പം അർഹതാ മാനദണ്ഡം, മുൻഗണനാ മാനദണ്ഡം, മാർക്ക് എന്നിവ സൂചിപ്പിക്കുന്ന അനുബന്ധം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ അപേക്ഷകളിൽ ഈ വിധത്തിലുള്ള മാനദണ്ഡം പാലിച്ചല്ല ഗുണഭോക്താക്കളുടെ പട്ടിക ക്രമപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ അപേക്ഷയുടെ അടിസ്ഥാനത്തിലല്ല ആനുകൂല്യം നൽകുന്നത്.ഗ്രാമപഞ്ചായത്ത് സ്വീകരിച്ചഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനു തടസ്സംസൃഷ്ടിച്ചിട്ടുണ്ട്.

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്

2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ,തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു

| ക്രമ നം. | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണംനൽകി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | നൽകിയിട്ടുണ്ട് |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | തയ്യാറാക്കിയിട്ടുണ്ട് |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | തയ്യാറാക്കിയിട്ടില്ല |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | ആനുകൂല്യം നൽകുന്ന സമയത്ത് പരിശോധന നടത്തുന്നുണ്ട് |
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | തയ്യാറാക്കിയിട്ടില്ല |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | രേഖപ്പെടുത്തിയിട്ടുണ്ട് |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച നൽകണം | നൽകിയിട്ടുണ്ട് |
| 8 | അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം | പ്രസിദ്ധീകരിച്ചിട്ടില്ല. |

## 3-14 അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി. - ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപാകത

പ്രോജക്റ്റ് നമ്പർ : എസ്.ഒ0027/18- ഭവനപുനരുദ്ധാരണം

ബിൽ നമ്പർ : 2/06.12.2017

തുക : 250000

ഭവനപുനരുദ്ധാരണം പദ്ധതിയിലുൾപ്പെടുത്ത് ഒരു വീടിന് ആനുകൂല്യം നൽകണമെങ്കിൽ, ആ കെട്ടിടത്തിന് ചുരുങ്ങിയത് 8 വർഷത്തെ പഴക്കമുണ്ടാകണമെന്ന് സ.ഉ(എം.എസ്) 80/18 തീയതി 03.04.17 നിഷ്കർഷിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ തൻ വർഷപദ്ധതിയിലുൾപ്പെടുത്തി ശ്രീമതി. സുശീല.ജെ, പാലോട്ടുകോണം, മേക്കുംകരവീട്, വെളിയാംകോട് പി.ഒ എന്നയാൾക്ക് 50000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ ഉടമസ്ഥതയിലുള്ള XI/469നമ്പർ കെട്ടിടത്തിന് 5 വർഷത്തെ പഴക്കം മാത്രമാണുള്ളത് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക 3.14 ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ഗുണഭോക്തൃ തിരഞ്ഞെടുപ്പിലുണ്ടായ അപാകതയാണ് അനർഹർക്ക് ആനുകൂല്യം നൽകുന്നതിലേക്ക് നയിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്തൃ തിരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിലാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-15 സംയുക്ത പ്രോജക്റ്റ് സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | പത്രികകൾ തയ്യാറാക്കിയിട്ടുണ്ട് |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | സംയുക്തപ്രോജക്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി അദ്ധ്യക്ഷൻമാരുടെ ജില്ലാതലയോഗം ചേർന്നിട്ടുണ്ട്. (രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല) |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |

| | |
|---|---|
| | |
| 5.ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നടപടിക്രമം പാലിച്ചിട്ടില്ല.നിർവഹണം നടത്താൻ കഴിയാത്ത തുക തിരിച്ചടയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുകയും സ്പിൽ ഓവറായി അടുത്ത വർഷം ചെലവഴിക്കുകയുമാണ്. |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 8സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | നടപടി ക്രമം പാലിച്ചിട്ടുണ്ട് |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | നടപടി ക്രമം പാലിച്ചിട്ടില്ല |

## 3-16 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും

സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 21 വാർഡുകളിലായി ആകെ 261 അയൽക്കൂട്ടങ്ങളാണുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 141 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2408 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു.2408 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

404 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെങ്കിലും 296 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ലേബർ ബഡ്ജറ്റ് പ്രകാരം 1435 പദ്ധതികൾ വിഭാവനം ചെയ്തു. 69255 തൊഴിൽദിനങ്ങൾ മാത്രമാണ് 2017-18 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.ശരാശരി 32 തൊഴിൽദിനങ്ങൾ.100 ദിവസം തൊഴിൽ ലഭിച്ച 16 കുടുംബങ്ങൾ മാത്രമാണുള്ളത്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | തോട് പുനരുദ്ധാരണം | 63 |
| 2 | കുളം നിർമ്മാണം | 39 |
| 3 | കാർഷിക കുളം | 45 |
| 4 | കിണർ | 28 |

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2017-18 വാർഷിക പദ്ധതി പ്രകാരം പദ്ധതി നടത്തിപ്പിനായി ലേബർ കംപോണന്റിനത്തിൽ 19100000/-രൂപയും മെറ്റീരിയൽ കംപോണൻറിനത്തിൽ 1051000/-രൂപയും ചെലവഴിച്ചിരിക്കുന്നു.

ജി.ഒ(ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10%തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരമുള്ള ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-17 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ

ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 278049/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 2780/- രൂപയുടെ നഷ്ടംമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 198750 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 198500 | 250 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 600000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (വനിത) | 500000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 198750 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 120000 | 78750 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 150000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (വനിത | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 172160 | സ്റ്റാർ ബഡ്സ് സ്കൂളിലെ പോഷകഹാരം യാത്രചെലവുകൾ, ഹോണറേറിയം | 172160 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 6800000 | 6800000 | - |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 200000 | 167748 | 32252 |
| KWA | ലൈൻ നീട്ടൽ | 200000 | 199017 | 983 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 116670843.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 101827574.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7192517 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 15000 | ഡോ.അരുൺകുമാർ.ജി.എസ്<br>അനിൽഭവൻ,കോളിയൂർ<br>മുട്ടയ്ക്കാട്.പി.ഒ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 7099017 | ശ്രീ.ബിന്ദുരാജ്, സെക്രട്ടറി |
| 3-10 | 93500 | ശ്രീമതി.ശൈലജ, എച്ച്.എം |
| ആകെ | 7192517/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അരുൺകുമാർ.ജി.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | അനിൽഭവൻ<br>കോളിയൂർ<br>മുട്ടയ്ക്കാട്.പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.1/258/02 | 5 |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.4/328/03 | 13 |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 1 |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.4/1224/07 | 3 |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.4/1125/08 | 3 |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.4/1051/09 | 2 |

| | | |
|---|---|---|
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.4/747/15 | 1 |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.4/748/11 | 1 |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.4/2413/12 | 5 |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.4/2640/11 | 14 |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.4/2568/13 | 1 |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.4/1863/14 | 2 |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.4/881/2015 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1051/2016 | 6 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/2036/2016/29.11.2016 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/1657/2017/10.08.2017 | 17 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്